പ്രവാസി സെൽ

164 (3727) ശ്രീ കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരിൽ ഭൂരിപക്ഷ മലയാളികൾക്ക് ജോലി സ്ഥലങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇന്ത്യൻ എംബസിക്ക് അനുബന്ധമായി ഓരോ പ്രവാസി സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഗൾഫ് രാജ്യങ്ങളിൽ ജോലി തേടിപ്പോയി കബളിപ്പിക്കപ്പെടുന്നവർ, ജോലി സ്ഥലത്ത് വച്ച് മരണപ്പെടുന്നവർ, യാത്രാരേഖകളും മറ്റും നഷ്ടപ്പെടുന്നവർ, അപകടത്തിൽപ്പെടുന്നവർ, ജയിൽവാസം അനുഭവിക്കുന്നവർ എന്നിവർക്ക് 'തക്കസമയത്ത് സഹായം' എത്തിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദേശരാജ്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഓഫീസുകൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമാണ്. മലയാളികൾ ഉൾപ്പെട്ട വിദേശ ഇന്ത്യക്കാരുടെ കാര്യങ്ങൾ നോക്കുന്നതിന് ഓരോ രാജ്യങ്ങളിലും ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇപ്രകാരമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുടെ സഹായം ആവശ്യമാണ്. അതിനാൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിന്മേൽ അതാതു രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പത്രവാർത്തകളുടെ സ്ക്രൂട്ടിനിയും അനന്തര നടപടികളും

165 (3728) ശ്രീ ടി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യേനയുള്ള പത്രവാർത്തകൾ സ്ക്രൂട്ടിനി ചെയ്യുന്ന സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പത്രവാർത്തകൾ വീതം ഓരോ മന്ത്രിക്കും എത്തിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പത്രവാർത്തകളിൽ എത്ര എണ്ണത്തിൽ തുടർനടപടി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പത്രവാർത്തകളിന്മേലുള്ള തുടർ നടപടി പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പത്രവാർത്തകളിന്മേൽ തുടർ നടപടി ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly